# അക്കാദമിക മാസ്റ്റർപ്ലാൻ

**2025-26**

## എ.യു.പി.എസ് മുട്ടിക്കുളങ്ങര

വിദ്യാഭ്യാസ ജില്ല -പാലക്കാട്

ഉപജില്ല-പാലക്കാട്

ജില്ല-പാലക്കാട്

വിദ്യാലയ ചരിത്രം

പാലക്കാട് നഗരത്തിൽ നിന്നും വളരെ അകലെയല്ലാതെ പുതുപ്പരിയാരം പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ഒരു കമനീയഗ്രാമമാണ് മുട്ടിക്കുളങ്ങര.ഈ ഗ്രാമത്തിൻറെ സരസ്വതി നിലയമായി പ്രശോഭിച്ചുവരുന്നു മുട്ടിക്കളങ്ങര എയ്ഡഡ് യു.പി.സ്കൂൾ.

എഴുപത്തിയഞ്ച് വർഷങ്ങൾക്കു മുൻപ് ഈ നാട്ടിലെ കുരുന്നുകൾക്ക് അക്ഷരം അഭ്യസിക്കുവാൻ കുറച്ച് ദൂരെയുള്ള മറ്റു ചില സ്കൂളുകളെയാണ് ആശ്രയിച്ചിരുന്നത്.ഈ ദുരവസ്ഥ മനസ്സിലാക്കിയ ശേഖരിപുരം ഗ്രാമത്തിലെ ജന്മിയും പി.ഡബ്ള്യു.ഡി ഉദ്യോഗസ്ഥനും അക്ഷരസ്നേഹിയും ആയിരുന്ന ശ്രീ.എസ്.വി.അനന്തനാരായണ അയ്യർ ,അന്നത്തെ എല്മെന്ററി സ്കൂൾ ഇൻസ്പെക്ടറുടെ സഹായത്തോടെ ഈ വിദ്യാലയം 13.05.1937 ൽ സ്ഥാപിച്ചു.

ശ്രീ.അനന്തനാരായണ അയ്യർ സ്കൂളിൻ്റെ മുൻഭാഗത്തായി സ്ഥിതി ചെയ്യുന്ന കെട്ടിടം നിർമ്മിക്കുകയും ഒന്നാം ക്ലാസ് ആരംഭിക്കുകയും ചെയ്തു.അന്ന് ഈ വിദ്യാലയം ജൂനിയർ ബേസിക്ക് സ്കൂൾ നടത്തിപ്പുമായി മുന്നോട്ട് പോകുവാൻ സമയക്കുറവുമൂലം സാധിക്കാതെ വന്നതിനാൽ മാനേജ്മെൻറ് അധികാരം അന്നത്തെ സ്കൂൾ അദ്ധ്യാപകനും വള്ളിക്കോട് സ്കൂൾ മാനേജറുമായിരുന്ന ശ്രീ.കേശവൻ നായർക്ക് കൈമാറി.

ക്രമേണ രണ്ട്, മൂന്ന് ,നാല്, അഞ്ച് ക്ലാസുകൾ നിലവിൽ വരുകയും മുട്ടിക്കുളങ്ങര എലിമെൻ്ററി സ്കൂൾ, മുട്ടിക്കുളങ്ങര എ .എൽ .പി.സ്കൂൾ എന്നിങ്ങനെ പേരുകൾ മാറി വരുകയും ചെയ്തു.

ഇതിനോടകം വിദ്യാലയം ശ്രീ.എസ്.വി. അനന്തനാരായണ അയ്യർ മുട്ടിക്കുളങ്ങര വൈദ്യർ കുടുംബത്തിലെ ശ്രീമാൻ കൃഷ്ണൻ വൈദ്യർ അവർ കളുടെ പുത്രനായ ശ്രീ ഗോപാലവൈദ്യർ അവർകൾക്ക് കൈമാറിയിരുന്നു.

ശ്രീ ഗോപാലവൈദ്യർ വിദ്യാലയം ഏറ്റെടുത്തതിന് ശേഷം മറ്റു കെട്ടിടങ്ങൾ നിർമ്മിക്കുകയും ആറാംതരം കൂടി ചേർത്ത് 1964 ൽ യു പി വിദ്യാലയമാക്കി അപ്ഗ്രേഡ് ചെയ്യുകയും ചെയ്തു.തുടർന്ന് ഏഴാം തരവും സ്കൂളിന് ലഭ്യമായി.

പഴയ കാലത്തെ രേഖകൾ പരിശോധിച്ചതിൽ നിന്നും കന്നിക്കൊയ്ത്ത് കാലത്ത് കുട്ടികളുടെ ഹാജർ കുറവായതിനാൽ "കൊയ്ത്ത്- അവധി " നൽകിയിരുന്നുവെന്ന പരാമർശം കൗതുകകരമായിരുന്നു.ഈ അവധി ദിവസങ്ങൾക്ക് പകരമായി ക്രിസ്തുമസ് അവധിക്കാലത്തെ നാല് ദിവസങ്ങൾ പ്രവർത്തി ദിവസമാക്കുകയും ചെയ്തിരുന്നു.

ഈ വിദ്യാലയത്തിൻ്റെ ഇപ്പോഴത്തെ മാനേജർ ശ്രീ.ഗോപാലവൈദ്യർ മകൻ ശ്രീ. രാധാകൃഷ്ണൻ അവർകളാണ്. അദ്ദേഹം മാനേജ്മെൻ്റ് ഏറ്റെടുത്തതിന് ശേഷം പല പുരോഗമന പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്.

1937 ൽ ആരംഭിച്ച ഈ വിദ്യാലത്തിൻ്റെ ഉന്നമനത്തിനായി യത്നിച്ച ധാരാളം വന്ദ്യ ഗുരുക്കന്മാർ നമുക്കുണ്ട്. കൂടാതെ ഇന്ന് സമൂഹത്തിലെ ഉന്നത ശ്രേണിയിലെത്തിയ ധാരാളം പ്രഗത്ഭരും ഉണ്ടെന്ന വസ്തുത അഭിമാനർഹമാണ്. നമ്മുടെ വിദ്യാലയം- അഭിവൃദ്ധിക്കായി യത്നിച്ച പല ഗുരുക്കൻമാരും ഇന്ന് നമ്മെ വിട്ടുപിരിഞ്ഞു പോയി എന്നത് വേദനാജനകമാണ്. ഇത്തരുണത്തിൽ അവരെ ഭക്ത്യാദരപൂർവ്വം സ്മരിച്ചു കൊള്ളട്ടെ.

ലഭ്യമായ രേഖകകൾ പരിശോദിച്ച് വിവരം ശേഖരണം നടത്തുവാൻ ആത്മാർത്ഥമായി ശ്രമിച്ചുണ്ടെന്ന വസ്തുത ശ്രദ്ധയിൽ പെടുത്തുന്നതോടൊപ്പം ആയതിന് വിവരങ്ങളും മറ്റും തന്ന് സഹായിച്ചവരോടുള്ള നന്ദിയും ആദരവും അറിയിച്ചു കൊള്ളട്ടെ. പ്രാധാന്യമുള്ളത് വിട്ടു പോയിട്ടുണ്ടെങ്കിൽ ദയവായി ക്ഷമിക്കുക

മേലിലും ഈ വിദ്യാലയത്തിന്റെ ഉന്നമനത്തിനായി ഇന്നാട്ടിലെ മഹാമനസ്കരായ ജനങ്ങളിൽ നിന്നും എല്ലാവിധ സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചു കൊണ്ടും ആയതിന് സർവേശ്വരൻ കനിയുമാറാകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ടും ഈ വിദ്യാലയ ചരിത്രം സമർപ്പിച്ചു കൊള്ളുന്നു

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എ.യു.പി.സ്കൂൾ മുട്ടിക്കുളങ്ങര. |
| വിലാസം | : | മുട്ടിക്കുളങ്ങര. പി.ഒ<br>മുട്ടിക്കുളങ്ങര<br>പാലക്കാട്. |
| ഫോൺ | : | |
| സ്കൂൾ കോഡ് | : | 21640 |
| വിദ്യാഭ്യാസ ഉപജില്ല | : | പാലക്കാട് |
| വിദ്യാഭ്യാസ ജില്ല | : | പാലക്കാട് |
| റവന്യൂ ജില്ല | : | പാലക്കാട് |
| ബി.ആർ.സി | : | പാലക്കാട് |
| സി.ആർ.സി | : | പുതുപ്പരിയാരം |
| പഞ്ചായത്ത് | : | പുതുപ്പരിയാരം |
| താലൂക്ക് | : | പാലക്കാട് |
| വില്ലേജ് | : | പുതുപ്പരിയാരം |
| ഇ.മെയിൽ | : | aupsmtkara@gmail.com. |
| സ്കൂൾ വിക്കി | : | Aups Muttikulangara. |

പൊതുലക്ഷ്യങ്ങൾ

→ 1-ാം ക്ലാസ് മുതൽ 7-ാം ക്ലാസ് വരെ പാഠ്യപദ്ധതിക്കനു-
സൃതമായ പ്രവർത്തനങ്ങളും അവ നടപ്പാക്കാനുതകുന്ന
തരത്തിലുള്ള പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ

→ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിൽ നിന്നും കുട്ടികളെ
വിദ്യാലയത്തിൽ ആകർഷിക്കുന്നു.

→ കുട്ടികളുടെ സർഗാത്മകതയെ വികസിപ്പിക്കുന്ന തരത്തിലുള്ള
പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

→ പ്രാദേശിക വിഭവ സാധ്യതകൾ ഉപയോഗപ്പെടുത്തൽ

# പ്രവർത്തന പാക്കേജ്

കാലയളവ് :

ലക്ഷ്യങ്ങൾ :

| പ്രവർത്തനം | വിശദാംശം | കാലയളവ് | ചുമതല |
|---|---|---|---|
| * സ്കൂൾ ലൈബ്രറി സജ്ജീകരിക്കൽ | - ലൈബ്രേറിയൻ, കാറ്റലോഗ്. പുസ്തകങ്ങൾ തരംതിരിച്ച് സജ്ജീകരിക്കൽ | ജൂൺ | |
| * പുസ്തക പ്രദർശനം | എല്ലാ വിഭാഗത്തിലുംപെട്ട പുസ്തകങ്ങളുടെ പ്രദർശനം | വായനാവാരം | |
| * അമ്മ വായന | രക്ഷിതാക്കൾക്ക് സ്കൂൾ ലൈബ്രറി ഉപയോഗിക്കുവാൻ അവസരം. | ആഗസ്റ്റ് – ഫെബ്രുവരി. | അധ്യാപകർ രക്ഷിതാക്കൾ. |
| * സാഹിത്യകാരനെ പരിചയപ്പെടുത്തൽ. | വായനാദിനത്തിൽ പ്രാദേശിക സാഹിത്യ. | ജൂൺ | |
| * നിത്യ അസംബ്ലി | തിങ്കൾ മുതൽ വ്യാഴം വരെ അസംബ്ലി. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം എന്നീ ഭാഷകളിൽ നടത്തുന്നു.<br>* അസംബ്ലിയിൽ ഓരോ ദിവസം ഓരോ ക്ലാസുകാർ ഓരോ പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു. | | |
| * പത്രവായന. | * എല്ലാ ക്ലാസിലും ഓരോ ദിനപത്രങ്ങൾ.<br>* അസംബ്ലിയിൽ വാർത്ത വായന.<br>* ക്ലാസിൽ 5 മിനുട്ട് പത്രവായന. | എല്ലാ ദിവസവും. | |

| | | | | |
|---|---|---|---|---|
| | | | | |
| | ഒരുമിച്ച് വായന. | - ഓരോ ക്ലാസിലെയും കുട്ടികളെ 4 ഗ്രൂപ്പാക്കുന്നു. ഓരോ ഗ്രൂപ്പിനും ഓരോ ലീഡർ<br>→ ഉച്ചയ്ക്ക് 1.15 മുതൽ 1.45 വരെ വായനാ പ്രവർത്തനങ്ങൾ നൽകുന്നു.<br>(പത്രം, വായനാകാർഡ്, കഥ പുസ്തകങ്ങൾ)<br>→ | എല്ലാ ദിവസവും | ക്ലാസ് ടീച്ചർ |
| | ദിനാചരണങ്ങൾ | → ദിനാചരണത്തിന്റെ പ്രാധാന്യം അസംബ്ലിയിൽ അവതരണം.<br>→ ക്വിസ് മത്സരം.<br>→ ദിനാചരണവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പുകൾ<br>→ ബോധവൽക്കരണ ക്ലാസ്.<br>→ | ജൂൺ - ഫെബ്രുവരി. | അധ്യാപകർ |
| | കയ്യെഴുത്ത് മാസിക. | → വായിച്ച പുസ്തകങ്ങളുടെ അനുഭവങ്ങളും രചനകളും ചേർത്ത് കയ്യെഴുത്ത് മാസിക തയ്യാറാക്കുന്നു<br>- മികവ് - പരിപാടിയിൽ പ്രകാശനം | ജൂലായ് - ജനുവരി, | |
| | ബാലസഭ/ സാഹിത്യസമാജം | - ഉദ്ഘാടനം, അവതാരകർ കുട്ടികൾ<br>- ഓരോ മാസവും ഓരോ സാഹിത്യ സമാജം, ബാലസഭ<br>- ക്ലാസ് റൂം പ്രവർത്തനങ്ങളുടെ പ്രകടനം. | മാസത്തിൽ ഒരിക്കൽ. | |

Aim . Enhancing the communication skill through the classroom activities

| Activities | Details | Duration | Charge |
|---|---|---|---|
| * English Assembly | · Weekly once.<br>· English prayer, pledge, News reading and other activities like speech, Story. | June – February | |
| * Daily Talk | In the classes teacher uses the first 10-15 minutes of everyday to communicate in english | Daily | |
| * Story time | Give chances to listen or watch stories in IT room. (Weekly once), shows picture description. | 6 months | |
| * English 'Balasabha' | - Monthly once.<br>- Performs English Activities. | 6months | |
| * Reading Time | - In the classroom 15 minutes for English reading by giving Magic pot / reading cards (daily) | 6months | |
| English fest | Anchoring and performing activities in English. | | |